# അക്കാദമിക മാസ്റ്റർപ്ലാൻ 2025-26

STD - 1

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ, സ്വതന്ത്രമായ പ്രതികരണങ്ങൾ, ശില്പശാല, സംയുക്ത ഡയറി, സചിത്ര പുസ്തകം, സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതായിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.

അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനവട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപകരും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യായന വർഷത്തിൽ കുട്ടി, രക്ഷിതാവ്, അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കണം.

ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.

* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.

* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ അവ നവമാധ്യമങ്ങളിൽ പങ്കിടൽ

* ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു. വായിക്കുന്നു.

* കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.

* തിയറ്റർ സാധ്യതകൾ വായനക്കളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.

* ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘുകവിതകൾ, ചെറുകഥകൾ എഴുതുന്നു. വായിക്കുന്നു.

* കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
* സർഗശേഷികൾ കൈവരിക്കുന്നു.
* ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
* പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
* കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു.
* സ്വന്തമായി എഴുതാനും വായിക്കാനും വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശില്പശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
* രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്തഡയറി മെച്ചപ്പെടുത്തുന്നു.

## പ്രവർത്തനങ്ങൾ

### ജൂൺ

* സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ
* സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
* അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം
* ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല
* താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ

### ജൂലൈ

* സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ
* കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ
* വായനമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ
* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
* പുസ്തകങ്ങൾ, തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
* ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
വാചികമായി പറയാനും അവസരം നൽകുന്നു.

## ഓഗസ്റ്റ്

* റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ
* ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
* സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
* പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
* ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്രവായന കാർഡുകൾ എന്നിവ തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു.
* ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്രവായന കാർഡുകൾ എന്നിവ തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു.
* രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്രരചനകൾ നടത്താൻ [illegible] നൽകുന്നു.
* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
* ആശയഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

* സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.

* സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
* ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത-ഡയറി മെച്ചപ്പെടുത്തുന്നു.
* അന്തരബാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്ത-മാക്കാൻ അവസരം ഒരുക്കുന്നു.
* കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാ-രുമായി മാറ്റുന്നു.

ഒക്ടോബർ

* വായനോത്സവം സംഘടിപ്പിക്കുന്നു.
* ആസ്വാദ്യകരമായ വായന നടത്തുന്നു.
* ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
* രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.
* ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.
* ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.

## നവംബർ

* സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആക്കുന്നു.
* കൂട്ടുവായന, നാട്ടുവായന, വീട്ടുവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ
* വായനോത്സവം തുടങ്ങുന്നു.
* രചനോത്സവം തുടങ്ങുന്നു.
* പത്രവായനയ്ക്ക് അവസരം ഒരുക്കൽ
* താളാത്മകമായി കവിതകൾ ചൊല്ലൽ.
* സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
* ചിത്രവായന നടത്തുന്നു.
* ചെറിയ വായന കാർഡുകൾ, ബാലസാഹിത്യ കൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം വായന നടത്തുന്നു.
* ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്രവായനക്കാരാക്കുന്നു.
* നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
* ദൈനംദിന അനുഭവങ്ങൾ വാർത്താരൂപത്തിൽ തലക്കെട്ട് എഴുതുന്നു.
* ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

## ഡിസംബർ

* ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും അനുഭൂതിഭരവുമായി അവതരിപ്പിക്കാം
* രചനാശേഷി പരിപോഷിപ്പിക്കൽ
* ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
* രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറുഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പരം സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
* ലഘുകവിതകൾ, കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
* കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
* പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
* സചിത്ര ഡയറി എഴുത്ത് മെച്ചപ്പെടുത്തുന്നു.

## ജനുവരി

* കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.

* തിയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.

* കുട്ടികൾ എഴുതിയ ചെറുകവിതകൾ, കഥകൾ എന്നിവയുടെ പ്രകാശനം.

* സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു.

* കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു.

* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

* കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കയ്യെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.

മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രകടിപ്പിക്കുന്നു

## ഫെബ്രുവരി

* നാടകോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.

* കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.

* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.

* ആശയപൂർണ്ണങ്ങളോടെ തൽസമയ രചനകൾ നടത്തുന്നു.
* ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
* സ്വന്തമായി രചനകൾ നടത്തി കയ്യെഴുത്തു പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
* കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടിപ്പിക്കുന്നു.

### മാർച്ച്

* കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

ഗണിതം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കേണ്ടതി ൪ ഗണിതം ചിന്തശേഷി പോലെ ദൃശ്യധാരയിൽ എത്തിക്കേണ്ടതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കുന്നതാണ്.

ലക്ഷ്യങ്ങൾ

→ രൂപങ്ങൾ ആകൃതിയനുസരിച്ച് തരം തിരിക്കുക.
→ ചിത്രങ്ങൾക്ക് നിറം കൊടുക്കുകയും, ചിത്ര പാറ്റേണുകൾ പൂർത്തീകരിക്കുകയും നിറം നൽകുകയും ചെയ്യുന്നു.
→ ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
→ അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.

- → ഇരുപതുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- → ഒരക്ക സംഖ്യകൾ എണ്ണി എഴുതുന്നു, എണ്ണുന്നു, വായിക്കുന്നു.
- → ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് ഒന്ന് കൂട്ടിയാൽ തൊട്ടടുത്ത വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- → സംഖ്യകളുടെ ആരോഹണ - അവരോഹണ ക്രമത്തിൽ എഴുതുന്നു.
- → രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം
- → രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം.
- → ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- → ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- → ഒരക്ക സംഖ്യാപാറ്റേൺ പൂർത്തിയാക്കൽ.
- → ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ - പ്രവർത്തനങ്ങൾ

→ ചിത്ര പാറ്റേണുകൾ പൂർത്തീകരിക്കുന്നു.

→ രൂപങ്ങൾ ആകൃതിക്കനുസരിച്ച് തരം തിരിക്കുന്നു.

→ ചിത്രങ്ങൾക്ക് നിറം നൽകുന്നു.

→ വിവിധ ആകൃതികൾ ഉപയോഗിച്ച് ചിത്രങ്ങൾ വരക്കുന്നു.

→ ജൂലൈ - പ്രവർത്തനങ്ങൾ

→ സംഖ്യകൾ തിരിച്ചറിയുന്നു. പറയുന്നു.

→ സംഖ്യാ കാർഡ് നിർമ്മിക്കൽ.

→ ഗണിത പഠനത്തിന് സഹായകമായ നാട്ടിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.

→ പാട്ട് - ഒന്നാം നാളത്തിൽ എണ്ണൽ.

→ വിരൽ ചിത്രങ്ങൾ.

→ കളികൾ.

– കൂട്ടങ്ങളുണ്ടാക്കാം.

→ നിശ്ചിത എണ്ണം എണ്ണിയെടുക്കൽ.

→ ഓരോടി കളിക്കൽ

→ മുത്തുകൾ വരയ്ക്കൽ

→ സംഖ്യാ റിബൺ പൂരിപ്പിക്കൽ.

→ തോരണം ഉണ്ടാക്കാം.

<u>ശേഷി</u>

→ ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനത്തിൽ ഏർപ്പെടുന്നു.

→ ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.

→ കൂട്ടൽ, കുറവ് കണ്ടെത്തുന്നു.

→ സംഖ്യാ ഗാനം.

→ എണ്ണിയെടുക്കൽ.

→ എണ്ണത്തിനനുസരിച്ച് കളർ നൽകുന്നു.

→ എണ്ണത്തിനനുസരിച്ച് ചിത്രം വരയ്ക്കുന്നു.

## സെപ്റ്റംബർ

→ സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ
→ ഒറ്റ സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ ചെയ്യുന്നു.
(മഞ്ചാടി, മുത്ത്.. മൂർത്ത വസ്തുക്കൾ ഉപയോഗിക്കുന്നു)
കളികളിൽ ഏർപ്പെടുന്നു.
→ ഒറ്റ സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
(മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് വിവിധ കളികളിൽ
ഏർപ്പെടുന്നു. പ്രായോഗിക പ്രശ്നങ്ങളിൽ ഏർപ്പെടുന്നു)
→ സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

## ഒക്ടോബർ

→ ഒറ്റ സംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയൽ.
[സംഖ്യാ ചാർട്ട്, തോരണം നിർമ്മാണം....]
→ വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ.
(വിവിധ കളികൾ)
→ ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

→ സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു.
→ ഒറ്റ സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. [പ്രായോഗിക പ്രശ്നങ്ങൾ]

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ. [സംഖ്യാ തോരണം; വിവിധ കളികൾ]
- ഗണിത ആൽബം തയ്യാറാക്കൽ.

ജനുവരി

- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
→ ഒന്ന് മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി.

- ഗണിത ആൽബം PTA യിൽ പ്രദർശിപ്പിക്കുന്നു.
→ വില വിവരപ്പട്ടിക, ഷോപ്പ് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച് - പ്രവർത്തനങ്ങൾ

- ഗണിതാശയവുമായി ബന്ധപ്പെട്ടവർക്ക് ഷീറ്റുകൾ ക്വിസ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി, മൂല്യം എന്നിവ തിരിച്ചറിയുന്നു.

English

# Introduction

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes literate.

## Objectives and Learning Outcomes

* Respond to simple interactions in the classroom
* Describe orally about the pictures and objects.
* Familiarise with simple words.
* Enjoy songs and sings them with Rhythm and action.
* Familiarise the names of birds, animals their young ones and identifies.

## JUNE

- ★ Introduce symbol words
- ★ provides picture cards

## JULY

- ★ Identify familiar words.
- ★ Say familiar words
- ★ Read familiar words
- ★ write familiar words

## AUGUST

- ★ Enjoy songs and sings them with Rhythm and action.
- ★ Describes orally about pictures and objects using adjectives

## SEPTEMBER

- ★ Read and write simple words and simple sentences
- ★ Provides picture cards and reading cards

## OCTOBER

- ★ Introduce symbol picture descriptions.
- ★ Make word chain, sentence chain.
- ★ Make riddles

- ☆ Describing words, rhyming words
- ☆ Text book activities.

NOVEMBER

- ☆ prepare reading cards
- ☆ provide more opportunities to read, right and speak English
- ☆ writes five english words daily

DECEMBER

- ☆ Read the understand simple instructions in the classroom
- ☆ Encourage digital reading.

JANUARY

- ☆ Enjoy songs and sings them with Rhythm and action.
- ☆ Make picture albums.
- ☆ Collect pictures of animals and its youngones

FEBRUARY

- ☆ provide the oppurtunity to express myself in the classroom
- ☆ English assembly once in a week

MARCH

* Speaks English fluently
* Read and write simple sentences
* picture reading and picture description

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 26

STD - 2

# ആമുഖം

ജി. എൽ. പി. എസ് നെടുംപുറം സ്കൂളിലെ 2025-26 അധ്യയന വർഷം കുട്ടികൾ A, B, C ഡിവിഷ-നുകളിലായി പഠിക്കുന്നു. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരി-പാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലെ അക്കാദമികമാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ (പ്രകടമായ) മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

# പ്രവർത്തന കലണ്ടർ

1. പ്രവർത്തനകലണ്ടർ - മെയ്
2. മലയാളമധുരം - ജൂൺ മുതൽ മാർച്ച്
3. സംസ്കൃത ഡയറി - ജൂൺ മുതൽ മാർച്ച്
4. പാട്ടരങ്ങ്. - ജൂൺ മുതൽ മാർച്ച്
5. സചിത്ര പുസ്തകം - ജൂൺ മുതൽ മാർച്ച്
6. റീഡേഴ്സ് തിയേറ്റർ - ജൂലൈ മുതൽ മാർച്ച്
7. നാട്ടുവിശേഷം കൂട്ടെഴുത്ത് - ജൂലൈ മുതൽ മാർച്ച്
8. ക്ലാസ്പത്രം - ഓഗസ്റ്റ് മുതൽ മാസം ഒരെണ്ണം വീതം
9. രചനോത്സവം - ജൂലൈ മുതൽ ഫെബ്രുവരി വരെ
10. വായനോത്സവം - ജൂൺ മുതൽ മാർച്ച് വരെ
11. ഭാഷോത്സവം - ജനുവരി
12. ഗണിതകേളികൾ - ജൂൺ മുതൽ മാർച്ച്
13. ഗണിതകിറ്റ് - ജൂൺ മുതൽ മാർച്ച്
14. പരീക്ഷണങ്ങൾ - ഒരു മാസവും ഒരെണ്ണം വീതം
15. ലഘുപ്രോജക്ട് - ഒരു മാസവും ഒരെണ്ണം വീതം
16. പരീക്ഷണകിറ്റ് - ജൂൺ മുതൽ മാർച്ച്
17. രക്ഷിതാക്കൾക്ക് ശില്പശാല - ജൂൺ
18. വിജ്ഞാനസ്പന്ദനം - ജൂൺ മുതൽ മാർച്ച്
19. പാനീയമേള - ഡിസംബർ
20. ശാസ്ത്രമേള - ഡിസംബർ
21. പലഹാരമേള - ഡിസംബർ.

# മലയാളം മധുരം

## പ്രവർത്തനലക്ഷ്യങ്ങൾ

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.
- സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറുന്നതിന് സാധ്യത ഒരുക്കുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

## പ്രവർത്തനഘട്ടങ്ങൾ

- SRG മീറ്റ് അവലോകനം - മെയ് അവസാനം
- CPTA മീറ്റ് അവലോകനം - ജൂൺ ആദ്യവാരം
- കുട്ടിയും രക്ഷിതാവും ചേർന്ന് വായന ആരംഭിക്കുന്നു.- ജൂലൈ
- വായനോത്സവം - ഓരോ മാസവും കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പതിപ്പ് - ഓരോ മാസവും.
- പുസ്തക പ്രകാശനം - ജനുവരി

## ചുമതലക്കാർ

- ക്ലാസ്ടീച്ചർ
- രക്ഷിതാവ്

## സാമ്പത്തികം

PTA , BRC

# സംയുക്ത ഡയറി

## പ്രവർത്തനലക്ഷ്യങ്ങൾ

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന നടത്തുന്നതിന്.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന്

## പ്രവർത്തന ഘട്ടങ്ങൾ

- SRG യിൽ മികച്ച ഡയറിയുടെ അവതരണം - ജൂൺ ആദ്യവാരം
- CPTA യിൽ ഡയറി പരിചയപ്പെടുത്തൽ, രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കൽ - ജൂൺ രണ്ടാംവാരം
- എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു- ജൂലൈ
- ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു. (അതാത് ദിവസം).
- കുട്ടികളുടെ ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു- ജൂൺ - മാർച്ച് വരെ.
- സംയുക്ത ഡയറി പുസ്തകരൂപത്തിൽ മാറ്റുന്നു- ജനുവരി
- സംയുക്തഡയറി പ്രകാശനം (ജനുവരി)

## ചുമതല

- ക്ലാസ് ടീച്ചർ
- രക്ഷിതാവ്.

## സാമ്പത്തികം

CPTA

# പാട്ടരങ്ങ്

## പ്രവർത്തനലക്ഷ്യങ്ങൾ

- താളം മനസ്സിലാക്കി പാരായണത്തിലൂടെയും മറ്റ് സ്വന്തക്കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു. ഒറ്റക്കും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു.
- ഈണം താളം ഭാവം ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.

## പ്രവർത്തനഘട്ടങ്ങൾ

- പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ SRG-യിൽ ചർച്ച - ജൂൺ ആദ്യവാരം
- പാട്ടരങ്ങ് ഉദ്ഘാടനശിൽപശാല സംഘടിപ്പിക്കുന്നു.
- കുട്ടികളെ പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ സെപ്റ്റംബർ മൂന്നിന് ഓണോത്സവ ബാലസഭയിൽ.

## ചുമതല

- ക്ലാസ് ടീച്ചർ • രക്ഷിതാവ്

## സാമ്പത്തികം

BRC

# സചിത്രപുസ്തകം

## പ്രവർത്തനലക്ഷ്യങ്ങൾ

- രണ്ടാംക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്രപുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.
- എല്ലാ കുട്ടികൾക്കും സചിത്ര പുസ്തകം ബിഗ് ബുക്കുകൾ ലഭ്യമാകുന്നു.
- കുട്ടികൾ സ്വതന്ത്രരചയിതാക്കളും വായനക്കാരുമായി മാറുന്നു.
- പ്രവർത്തനങ്ങളിൽ പരിസരപഠനം, ഗണിതം, കലാകായിക പ്രവൃത്തിപരിചയം ഉദ്ഗ്രഥന സാധ്യത ഉപയോഗപ്പെടുത്തുന്നു.

## പ്രവർത്തനഘട്ടങ്ങൾ

- കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്ര പാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു.(മെയ്)
- ബിഗ്ബുക്ക് രൂപത്തിലാക്കിയ സചിത്രബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ആദ്യ മൂന്നു യൂണിറ്റുകൾ.( ജൂൺ).
- ഓരോന്നിന രചയിതൃ ശില്പശാല സംഘടിപ്പിക്കുന്നു. (ജൂൺ)
- സചിത്രപുസ്തകം തയ്യാറാക്കിയത്ത് പ്രതിമാസ രക്ഷാകർതൃയോഗങ്ങൾ, വിലയിരുത്തൽ (എല്ലാ മാസവും).
- പഠനോത്സവത്തിൽ സചിത്രബുക്കുകൾ അവതരിപ്പിക്കൽ(മാർച്ച്)

## ചുമതല

- ക്ലാസ്ടീച്ചർ
- രക്ഷിതാവ്

## സാമ്പത്തികം

CPTA

# റീഡേഴ്സ് തിയേറ്റർ

## പ്രവർത്തനലക്ഷ്യങ്ങൾ

- രണ്ടാംക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിലേർപ്പെടുന്നു.
- രണ്ടാംക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
- പാഠപുസ്തകങ്ങളിലെയും ലഘുബാലസാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ രീതിയിൽ അവതരിപ്പിക്കുന്നു.
- ഭാഷയിലെ പഠന മുന്നേറ്റത്തിന് സംഗീതം, ശ്രാവ്യ വായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി പ്രയോഗിക്കുന്നു.

## പ്രവർത്തനഘട്ടങ്ങൾ

- SRG യിൽ ആശയം പങ്കിടൽ (ജൂൺ)
- CPTA യിൽ ആശയം പങ്കിടൽ പിന്തുണ ഉറപ്പാക്കൽ (ജൂൺ)
- ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല (ജൂലൈ)
- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ തിരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുന്നു. (ജൂലൈ - മാർച്ച്)
- മികച്ചത് ബാലസഭയിൽ
- പഠനോത്സവത്തിൽ മികച്ചത് അവതരണം. (ഫെബ്രുവരി)

**ചുമതല**

ക്ലാസ് ടീച്ചർ

**സാമ്പത്തികം**

BRC

# നാട്ടുവിശേഷം കൂട്ടെഴുത്ത്

## പ്രവർത്തനലക്ഷ്യങ്ങൾ

- പരിസരപഠനത്തിലൂടെ ശാസ്ത്രപഠന സാധ്യതകൾ ഒരുക്കുന്നു.
- പ്രകൃതിനിരീക്ഷണത്തിലൂടെ ശേഖരിച്ച കാര്യങ്ങൾ തെറ്റില്ലാതെ ശാസ്ത്ര-യിൽ പകർത്താൻ കഴിയുന്നു.
- നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാശേഷി-കൾ ഉൾപ്പെടുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- [illegible] കുട്ടികളുമായും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.
- പാഠപുസ്തകത്തിലെ ആശയങ്ങൾക്കനുയോജ്യമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയുന്നു.

## പ്രവർത്തനഘട്ടങ്ങൾ

- SRG യിൽ അവതരണം
- പ്രകൃതിനടത്തം, ഫീൽഡ്ട്രിപ്പ് എന്നിവ SRG യിൽ ആസൂത്രണം ചെയ്യുന്നു.
- PTA യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
- പാഠഭാഗത്തിനനുയോജ്യമായ പ്രകൃതിപഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം

## ചുമതല

- ക്ലാസ്ടീച്ചർ • CPTA • SRG

## സാമ്പത്തികം

CPTA , BRC

# ക്ലാസ് പത്രം

## പ്രവർത്തനലക്ഷ്യങ്ങൾ

- വിവിധ പ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
- രചനാശേഷി പരിപോഷിപ്പിക്കുന്നു.
- വ്യത്യസ്ത പാഠ തന്ത്രങ്ങളിലൂടെ ആശയപഠനം സാധ്യമാകുന്നു.
- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശേഖരിച്ച് തെളിഞ്ഞ ഭാഷയിൽ എഴുതാൻ കഴിവുണ്ടാകുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.

## പ്രവർത്തനഘട്ടങ്ങൾ

- ക്ലാസ്പത്രം ലക്ഷ്യങ്ങളും പ്രവർത്തനക്രമങ്ങളും SRG യിൽ അവതരിപ്പിക്കുന്നു (ജൂലൈ അവസാനം)
- CPTA യിൽ പദ്ധതി അവതരിപ്പിക്കുന്നു. പിന്തുണ ഉറപ്പാക്കുന്നു (ജൂലൈ അവസാനം)
- കണ്ടെത്തലുകളുടെ അവതരണം (ജൂലൈ - മാർച്ച്)
- കൂട്ടെഴുത്ത് നടക്കുന്നു (ജൂലൈ - മാർച്ച്)
- പതിപ്പ് തയ്യാറാക്കൽ, പതിപ്പുകളുടെ പ്രദർശനം രചനോത്സവത്തിൽ, മികച്ച ഭാഷോത്സവത്തിൽ അവതരണം (ജനുവരി)

## ചുമതല

ക്ലാസ്ടീച്ചർ

[illegible]

PTA

# രചനോത്സവം

## പ്രവർത്തനലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.
- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പാഠങ്ങൾ ഉപയോഗപ്പെടുത്തുന്നു.
- കൃത്യമായ ഇടവേളകളിൽ ക്ലാസ്തല രചനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

## പ്രവർത്തനഘട്ടങ്ങൾ

- SRG യിൽ അംഗീകാരം വാങ്ങുന്നു. (ജൂൺ രണ്ടാംവാരം)
- CPTA യിൽ പിന്തുണ ഉറപ്പാക്കുന്നു.
- പ്രതിമാസ രചനോത്സവം (ജൂലൈ - ഫെബ്രുവരി)
- രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ (സെപ്റ്റംബർ, ഡിസംബർ, മാർച്ച്)
- വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ (മാർച്ച്)

## ചുമതല

- ക്ലാസ്ടീച്ചർ, • CPTA

## സാമ്പത്തികം

CPTA, BRC

# വായനോത്സവം

## പ്രവർത്തനലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നു.
- കുട്ടികളിൽ വായനാശീലം വളർത്തുന്നു.
- ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.
- വായന കുറിപ്പ് തയ്യാറാക്കുന്നു.

## പ്രവർത്തനഘട്ടങ്ങൾ

- SRG യിൽ അംഗീകാരം വാങ്ങുന്നു. (ജൂൺ)
- CPTA യിൽ ചർച്ച ചെയ്യുന്നു. രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നു. (ജൂലൈ)
- ഓരോ മാസവും വായനോത്സവം നടത്തുന്നു.
- അമ്മ വായന (ജൂലൈ - മാർച്ച്)
- ഒരുക്കവായന അധ്യാപകർ (ജൂലൈ - മാർച്ച്)

## ചുമതലകൾ

- ക്ലാസ് ടീച്ചർ
- രക്ഷിതാവ്

## സാമ്പത്തികം

- CPTA , BRC

# ഭാഷോത്സവം

## പ്രവർത്തനലക്ഷ്യങ്ങൾ

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്രരചനക്ക് സാധ്യത ഒരുക്കുന്നു.
- കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരണം.
- ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ പ്രകടിപ്പിക്കാൻ കഴിയുന്നു.

## പ്രവർത്തനങ്ങൾ

- ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു
- PTA യിൽ പിന്തുണ ഉറപ്പാക്കുന്നു.
- പ്രാദേശിക കലാ സാഹിത്യകാരൻമാരുടെ സഹകരണം ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു.
- പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു.
- ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- സാമൂഹികപങ്കാളിത്തം ഉറപ്പാക്കുന്നു.

## ചുമതല

- ക്ലാസ്ടീച്ചർ, CPTA, BRC

## സാമ്പത്തികം

SRG, CPTA

# ഗണിതം

## ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ട് കൊണ്ട് മുന്നോട്ട് വന്ന പദ്ധതിയാണ് "ഉല്ലാസ ഗണിതം". ഓരോ പഠനനേട്ടത്തിലൂടെയും ലക്ഷ്യത്തിലൂടെയും കുട്ടി പഠിക്കേ-ണ്ട ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം. അദ്ധ്യാപിക ണ്ടത് എന്നതിന് ഒരു മാർഗസഹായിയാണ് മാസ്റ്റർ പ്ലാൻ.

## പ്രവർത്തനലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസ്സിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
* സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടി-യെടുക്കുന്നതിന്.
* ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.
* ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു.
* ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത രൂപത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന ബോധതലത്തിൽ എത്തിച്ചേരൽ.
* പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ.

## മുന്നൊരുക്കം

* ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.
*

ജൂൺ

* 1, 2, 3, 4 ----
  1, 3, 5, 7 ----
  10, 20, 30 ----
  5, 10, 15 ----
  2, 4, 6 ----

തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ.

* ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാകൽ.

ജൂലൈ

* ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർന്ന് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ
* ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ.
* പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർന്ന് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ.

  5+5=10, 10+10=20

ആഗസ്റ്റ്

* വിവിധ പാറ്റേണുകൾ രൂപീകരിക്കൽ.
* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ.
  99 നോട് ഒന്ന് കൂട്ടിയാൽ 100
  10 പത്തുകൾ ചേർന്നാൽ 100 ആകും.
  100 ഒന്നുകൾ ചേർന്നാൽ 100
* ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതശൈലിയിൽ ഉൾപ്പെടുത്തുന്നതിനുള്ള കൂട്ടായ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

സെപ്റ്റംബർ

* ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക
പ്രശ്നം പരിഹരിക്കൽ.
* ഗണിതക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക
പ്രശ്നം പരിഹരിക്കൽ.
* വില

ഗണിത കേളികൾ

ലക്ഷ്യപ്രസ്താവനകൾ

* കുട്ടികൾക്ക് ഗണിത കേളികളിൽ താൽപര്യമുണ്ടാകുന്നു.
* ഗണിതപഠനത്തിന് താൽപര്യമുണ്ടാകുന്നു.
* യുക്തിബോധം വളർത്തുന്നു.

പ്രവർത്തനങ്ങൾ

വ്യത്യസ്തമായ LO യ്ക്ക് അനുയോജ്യമായ ഗണിതകേളികൾ ഉൾപ്പെടുന്നു.

കൂട്ടുകാരെ കണ്ടെത്താം (സങ്കലനം)

ഡൊമിനോ കളി (വ്യവകലനം)

ബോൾ കളി (ഗുണനം)

കാലാവധി — ജൂൺ-മാർച്ച്.

ചുമതലകൾ

ക്ലാസ് ടീച്ചർ

SRG

സാമ്പത്തികം

CPTA

ഗണിത കിറ്റ്

ലക്ഷ്യപ്രസ്താവനകൾ

* ELPS മുഖേന ഗണിതശേഷികൾ എളുപ്പത്തിലും രസകരവുമാക്കുന്നതിന്.
* ഗണിതം ആസ്വാദ്യകരമാവുന്നതിന്.

പ്രവർത്തനങ്ങൾ

10 ന്റെ കെട്ടുകൾ, മഞ്ചാടി, പുളിങ്കുരു, സ്ട്രോ, മുത്തുകൾ, സോഡാ കുപ്പിയുടെ അടപ്പുകൾ, കളിനോട്ടുകൾ എന്നിവ അടങ്ങിയ കിറ്റുകൾ എല്ലാ കുട്ടികളുടെ കയ്യിലും ഗണിതകിറ്റിൽ ഉൾപ്പെടുത്തുന്നു.

ചുമതലക്കാർ

ദീപ്തി, ഷെമിനാസ്.

പ്രവർത്തന ലക്ഷ്യം

* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തുന്നു.

ജൂൺ

* ആകൃതി, വലുപ്പം എന്നിവയിൽ വ്യത്യസ്തമായ പല രൂപങ്ങളുണ്ട്. അവ വിവിധ രൂപങ്ങൾ തിരിച്ചറിഞ്ഞ് അടയാളപ്പെടുത്തുന്നു
• വ്യത്യസ്ത രൂപങ്ങൾ
* വശങ്ങളുടെ എണ്ണത്തിന്റെയും, മറ്റ് സവിശേഷതകളുടെ-യോ അടിസ്ഥാനത്തിൽ വ്യത്യസ്ത രൂപങ്ങളെ തിരിച്ചറിയൽ
* വിവിധ വസ്തുക്കൾ ഉപയോഗിച്ച് വ്യത്യസ്ത രൂപങ്ങൾ വരയ്ക്കൽ.
* കടലാസ്, റിബ്ബൺ, വല ഉപയോഗിച്ച് നിർമ്മാണം നടത്തൽ.
* നേരെയുള്ളതും വളഞ്ഞതുമായ വരകൾ പരിചയപ്പെടൽ.
* വ്യത്യസ്ത രൂപങ്ങൾ ചേർന്ന് പുതിയ രൂപങ്ങൾ നിർമ്മിക്കാം.
* രൂപങ്ങൾ വരയ്ക്കുകയും നിർമ്മിക്കുകയും ചെയ്യൽ.
* രൂപങ്ങൾക്ക് നിറം നൽകി പാറ്റേണുകൾ നിർമ്മിക്കൽ.

ജൂലൈ

* നിത്യജീവിതവുമായി ബന്ധപ്പെട്ട് 50 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യൽ. പ്രശ്നം പരിഹരിക്കൽ.
* 50 വരെയുള്ള സംഖ്യകൾ രൂപീകരിക്കുകയും വായിക്കുകയും ചെയ്യൽ.

* കൂട്ടങ്ങളെ പരസ്പരം പൊരുത്തപ്പെടുത്തി തുല്യം, കൂടുതൽ, കുറവ് കണ്ടെത്തൽ.
* 50 വരെയുള്ള സംഖ്യകളെ അക്കത്തിലും അക്ഷരത്തിലും എഴുതൽ.
* 50 വരെയുള്ള സംഖ്യകളെ സന്ദർഭത്തിനനുസരിച്ച് ചേർത്തെഴുതാനും പിരിച്ചെഴുതാനും കഴിയൽ.

ആഗസ്റ്റ്

* നിത്യജീവിതവുമായി ബന്ധപ്പെട്ട് 200 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്ത് പ്രശ്നം പരിഹരിക്കൽ.
* 200 വരെയുള്ള സംഖ്യകൾ രൂപീകരിക്കുകയും വായിക്കുകയും ചെയ്യൽ.
* മൂന്നക്ക സംഖ്യകളെ ക്രമമായി എണ്ണുന്നു. എഴുതുന്നു.
* 100ന്റെ കൂടെ 10 ന്റെ കൂട്ടങ്ങൾ വരുന്ന സംഖ്യ എഴുതൽ.
* 100 ന്റെ കൂടെ ഒറ്റക്ക, രണ്ടക്ക സംഖ്യകൾ ചേർത്ത് എഴുതൽ.

സെപ്റ്റംബർ

* 100 വരെയുള്ള സംഖ്യകൾ തുകയായി വരുന്ന രണ്ട് രണ്ടക്ക സംഖ്യകളുടെ സങ്കലനം മനക്കണക്കായി ചെയ്യൽ.
* തുക 200-ൽ താഴെ വരുന്നതും രണ്ടക്കസംഖ്യകൾ മാത്രം ഉൾപ്പെടുന്നതുമായി പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനക്രിയ ഉപയോഗിക്കൽ.
* നിത്യജീവിതത്തിൽ വിവിധ സന്ദർഭങ്ങളിൽ സങ്കലനക്രിയ ഉപയോഗിക്കൽ.
* കളികളുടെ ഭാഗമായി സങ്കലനക്രിയ ഉപയോഗിക്കൽ.
* രണ്ട് സംഖ്യകളെ പുനക്രമീകരിക്കുമ്പോൾ പത്തുകളുടെ കൂട്ടങ്ങളാണ് കൂടുന്നത് എന്ന് കണ്ടെത്തൽ.
* സംഖ്യാബന്ധങ്ങൾ കണ്ടെത്തൽ.
* ക്രിയകൾ മനക്കണക്കായി ചെയ്യൽ.

* രണ്ടോ അതിലധികമോ കൂട്ടങ്ങളെ കൂട്ടിച്ചേർക്കുന്നതിന് സങ്കലനക്രിയ ഉപയോഗിക്കാം.
* ഉത്തരം കണ്ടെത്തൽ.
* ഒരു സംഖ്യയെ രണ്ടോ അതിലധികമോ സംഖ്യകളുടെ തുകയായി എഴുതൽ.

## പരീക്ഷണങ്ങൾ

### ലക്ഷ്യപ്രസ്താവനകൾ

ശാസ്ത്രപഠനം ആസ്വാദ്യകരമാക്കുന്നു.
അന്വേഷിച്ച് നിഗമനത്തിലെത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു.
വ്യത്യസ്ത ഉപകരണങ്ങൾ സൂക്ഷ്മത, കൃത്യത പാലിച്ച് കൊണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തരാകുന്നു.
യുക്തിചിന്ത വളർത്തുന്നു.

### പ്രവർത്തനങ്ങൾ

പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നതിനും പുതിയവ രൂപകൽപന ചെയ്യുകയും ചെയ്യുന്നു.
കാലയളവ് - ജൂൺ - ഫെബ്രുവരി.
ചുമതല - CPTA, class Tr.
സാമ്പത്തികം SSK PTA

## ലഘുപ്രോജക്ട്

### ലക്ഷ്യപ്രസ്താവനകൾ

കുട്ടികളിൽ ശാസ്ത്രചിന്തയും യുക്തിചിന്തയും വളർത്തുക.

### പ്രവർത്തനങ്ങൾ

കുട്ടികൾ നേരിടുന്ന പഠനപ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് നിരീക്ഷണം, താരതമ്യം, വർഗീകരണം, അപഗ്രഥനം എന്നീ ഘട്ടങ്ങളിലൂടെ നിഗമനത്തിലെത്തുവാൻ പ്രാപ്തരാക്കുന്നു.
നേരിടുന്ന പ്രശ്നങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു.
കാലയളവ് - ജൂൺ - മാർച്ച്
ചുമതലകൾ - class Tr. PTA
സാമ്പത്തികം PTA SSK

## പരീക്ഷണക്കിറ്റ്

**ലക്ഷ്യപ്രസ്താവനകൾ**

എല്ലാ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണങ്ങൾ സ്വന്തമായി ചെയ്യുന്നതിന്.

- വ്യത്യസ്തമായ ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാകുന്നു.
- ശാസ്ത്രപഠനത്തിൽ ആത്മവിശ്വാസം വളർത്തുക.

**പ്രവർത്തനങ്ങൾ**

എല്ലാ കുട്ടികൾക്കും പരീക്ഷണങ്ങൾ ചെയ്യാനുള്ള ഒരു കിറ്റ് സ്വന്തമായി ലഭിക്കുന്നു.
പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായ പരീക്ഷണങ്ങൾ പരീക്ഷണ കിറ്റുകൾ ഉപയോഗിച്ച് ഓരോരുത്തരും ചെയ്യുന്നു.

കാലയളവ് - ജൂൺ - മാർച്ച്
ചുമതലകൾ - class Tr, SRG
സാമ്പത്തികം - CPTA SSK

## രക്ഷിതാക്കൾക്ക് ശില്പശാല

**ലക്ഷ്യപ്രസ്താവന**

പഠനത്തിൽ കുട്ടികളെ ക്രിയാത്മകമായി സഹായിക്കുക.
പാഠഭാഗങ്ങളും പാഠവസ്തുക്കളും സ്വയം തിരിച്ചറിഞ്ഞ് സ്വന്തം കുട്ടികളുടെ പഠനത്തിൽ സഹായിക്കുക.

**പ്രവർത്തനങ്ങൾ**

പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായ പ്രവർത്തനങ്ങൾ ചെയ്യേണ്ട വിധവും സംയുക്ത ഡയറി, ചിത്ര പുസ്തകം, ഗണിത കിറ്റ്, ശാസ്ത്ര കിറ്റ് എന്നിവ തയ്യാറാക്കുന്ന വിധം രക്ഷിതാക്കൾക്ക് അവബോധം ഉണ്ടാക്കുന്നു.

കാലയളവ് - ജൂലൈ, ഒക്ടോബർ, ജനുവരി.
ചുമതലകൾ - SRG, HM, class Tr.

വിജയസ്പർശം

ലക്ഷ്യപ്രസ്താവനകൾ

എല്ലാ കുട്ടികളെയും എഴുത്തിലും വായനയിലും പ്രാപ്തരാക്കുക.

നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിതക്രിയകൾ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക.

പ്രവർത്തനങ്ങൾ

സ്കൂൾ സമയത്തിന് പുറമെയുള്ള സമയങ്ങളിൽ പ്രയാസം നേരിടുന്ന കുട്ടികളെ ആവശ്യമായ ക്ലാസ്സ് നൽകുക.

വർക്ക് ഷീറ്റുകളും പ്രവർത്തിച്ച് പഠിക്കാനുതകുന്ന മറ്റ് സാധനങ്ങളും പഠനത്തിനായി ഉപയോഗിക്കുന്നു.

കളിരീതിയിൽ കുട്ടികളുടെ പഠനത്തിന് മുൻതൂക്കം നൽകുന്നു.

കാലയളവ് - ജൂൺ - ഫെബ്രുവരി

ചുമതലകൾ

Class Tr, SRG.

സാമ്പത്തികം PTA SSK

പാനീയമേള

ലക്ഷ്യപ്രസ്താവനകൾ

ആഹാരം ആരോഗ്യത്തിന് എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട് കടയിൽ നിന്ന് വാങ്ങുന്ന കുപ്പികളിൽ വരുന്ന പാനീയങ്ങൾ ആരോഗ്യത്തിന് ഹാനികരമാണെന്ന് തിരിച്ചറിയുന്നതിന്.

ചുറ്റുപാടും ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ച് ആരോഗ്യത്തിന് ഹാനികരമല്ലാത്ത പാനീയങ്ങൾ ഉണ്ടാക്കാമെന്ന് തിരിച്ചറിയുന്നതിന്.

പ്രവർത്തനങ്ങൾ

SRG യുടെയും CPTA യുടെയും പിന്തുണയോടെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പാനീയമേള

സംഘടിപ്പിക്കുന്നു.

ചുമതലകൾ

class Tr, HM, SRG, CPTA

സാമ്പത്തികം CPTA

ഭക്ഷ്യമേള

ലക്ഷ്യപ്രസ്താവനകൾ

പാഠഭാഗവുമായി ബന്ധപ്പെട്ട് നമ്മുടെ ദൈനംദിന ഭക്ഷണത്തിൽ എല്ലാ ഘടകങ്ങളുമുള്ള ആഹാരപദാർത്ഥങ്ങളും ഉൾപ്പെടുത്തണമെന്ന് തിരിച്ചറിയുന്നതിന് വേണ്ടി എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഭക്ഷ്യമേള സംഘടിപ്പിക്കുന്നു.

ചുമതലകൾ

CPTA, class Tr.

സാമ്പത്തികം

പലഹാരമേള

ലക്ഷ്യപ്രസ്താവനകൾ മനസ്സിലാക്കുന്നതിന്

പല തരം പലഹാരങ്ങൾ മനസ്സിലാക്കുന്നതിന്

അവ ഉണ്ടാക്കുന്ന വിധം മനസ്സിലാക്കുന്നതിന്

ലഘു പാചക കുറിപ്പുകൾ തയ്യാറാക്കുന്നതിന്.

പാഠഭാഗവുമായി ബന്ധപ്പെട്ട് എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പലഹാരമേള സംഘടിപ്പിക്കുന്നു.

ചുമതലകൾ - CPTA, class Tr.

സാമ്പത്തികം - CPTA

II - Std

# Academic master plan - English

Aim :- To speak, Read, & write english without any mistakes.

Time :- June to march

- Pretest

to check the vocabulary and writing skills of Students.

❀ June and July

- To develop listening skills and reading skills.

* Listening Skills

1 Games, Action Songs

2 Conversations, stories. (use ICT)

* Speaking Skills

1 Identify action words and naming words in given picture.

2 make a simple sentences using ~~t~~ same picture.

3 picture reading

ACTIVITIES

- Speech
- Book review
- Riddles
- Self introduction

## ⊛ August and September

- Develop the Creative Speaking and writing.

## ✳ Reading Skills

1 News headlines reading (assembly)
2 Library book reading and review
3 ~~New words in~~ Today word [assembly / class room]
4 ~~word tree~~ - ~~condect~~ spe~~lling~~ dic~~tat~~ion ~~based on word~~ tree
4 Find words
5 Collet and read past & present words.
6 Rhyming words.
7 Describing words.
8 Text book activities.

## ✳ Writing Skills

1 make a word web
2 word tree - ~~dictati~~ condect ~~dict~~ spelling dictation based on word tree.
3 picture description
4 word chain
5 Make a words in alphabatic order.

## December & January

- Develop the creative Speaking and writing.
- To empress thoughts and feelings.

### * Reading Skills

- Develop Story
- Read diary
- Reads letters from friends.
-

### * Writing Skills

1 Diary
2 Letters
3 greeting card or wish card
4 Class room post office.

## * February and march

To improve the presentation power.

### * Reading Skills

1 newspaper reading
2 library books reading
3 Read breaking news.
4 Read diary.

6 make a words using random letters.
7 make a riddles , conversation
8 Add more lines.

ACTIVITIES

October and November

To enpress thoughs feelings etc.

## Reading Skills

1 News paper reading
2 Library book reading
3 Picture card reading
4 Sentence card reading
5 Small Story reading.
6 Read notice.
7 develop Story

## Writing Skills

1 word web
2 ~~picture~~ caption making for given picture.
3 Story making

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് : 3

# ആമുഖം

ജി. എൽ. പി. എസ്. നൊട്ടപ്പുറം സ്കൂളിലെ 2025-26 അധ്യയനവർഷത്തിൽ 3-ാം ക്ലാസിൽ A, B ഡിവിഷനുകളിലായി പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും പഠന നിലവാരം ഉയർത്തേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 'സമഗ്ര' ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ 3-ാം ക്ലാസിലെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

## അക്കാദമിക മാസ്റ്റർ പ്ലാൻ. ക്ലാസ്: 3. മലയാളം. 2025-2026

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി.ടി.എ |
| | ക്ലാസ് ലൈബ്രറി വിപുലനം. | അധ്യയന വർഷം മുഴുവൻ | സി.പി.ടി.എ | സി.പി.ടി.എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന: അമ്മമാരുടെ വായനക്കുറിപ്പുകൾ സി.പി.ടി.എ കളിൽ അവതരിപ്പിക്കൽ | അധ്യയന വർഷം മുഴുവൻ | സിപിടിഎ | ഇല്ല |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ-ജൂലൈ | അധ്യാപകൻ | സിപിടിഎ. |
| ലേഖനം<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കുക. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാരരൂപങ്ങളിൽ രചനകൾ നടത്തുക.<br>ജൂൺ 5. പരിസ്ഥിതിദിന പോസ്റ്റർ | ജൂൺ | അധ്യാപകൻ | സിപിടിഎ |

| | | | | |
|---|---|---|---|---|
| അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ. | ജൂൺ 19 വായനാദിനം വായനാവാരം. | ജൂൺ | അധ്യാപകൻ | പിടിഎ |
| | ആഗസ്റ്റ് 6 ഹിരോഷിമ ദിനം - പോസ്റ്റർ. | ആഗസ്റ്റ് | അധ്യാപകൻ | |
| | ആഗസ്റ്റ് 9 നാഗസാക്കി ദിനം - പോസ്റ്റർ | ആഗസ്റ്റ് | | |
| | ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം | | അധ്യാപകൻ | |
| | സെപ്റ്റംബർ 5 അധ്യാപക ദിനം. പഴയകാല അധ്യാപകരുമായി അഭിമുഖം. | സെപ്റ്റംബർ | | |
| | ഒക്ടോബർ 2 ഗാന്ധിജയന്തി. കുറിപ്പ് തയ്യാറാക്കൽ. | ഒക്ടോബർ | | |
| | ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത് | ഒക്ടോബർ | | |

| | | | | |
|---|---|---|---|---|
| | നവംബർ: 1 കേരള പിറവി- പ്രസംഗം<br><br>നവംബർ: 14 ശിശുദിനം | നവംബർ<br><br>നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ.<br>വേദി- സിപിടിഎ. | അധ്യയന വർഷം മുഴുവൻ | സിപിടിഎ | ഇല്ല. |

## ENGLISH

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study alphabets | · Pre_test<br>· Write simple words | June-July | Teacher | PTA |
| To study, write and read simple words. | circle the word from TB and read | August-September | Teacher | Nil |
| Create more appotunities for English speaking in the class room. | Class room communication should be in English, like May I drink some water ? May I go to toilet ?<br>· Hello<br>· Hello , everyone<br>· Good morning<br>· Good morning everyone.<br>· Good After noon everyone<br>· How are you ?<br>· Let me take attendence etc... | Academic year | Teacher | Nil |
| To speak read and write English without any mistakes. | · To check the vocabulary and writing skills of pupils.<br>· Pre-test | June to July | | |

| | | | | |
|---|---|---|---|---|
| To develop listening skills and reading skills. | ·~~Games~~- Action songs<br>·Simple conversations<br>Skit /stories- use ICT | July - August | | |
| Speaking skills. | ·Identify the naming words from the picture.<br>·Make the simple sentences using the word about picture.<br>·Make simple discriptions about picture | August - September | | |
| Reading skills | ·Books reading<br>·Find words<br>·Collect and read past tense<br>·Rhyming words<br>·T.B Activities | | | |
| Writing ~~Skills~~ | ·Make word web.<br>·Picture discription<br>·Word chain<br>·Make words and sentences<br>·Make riddles, conversations<br>·Add more lines. | October - November. | | |

## പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെക്കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക. ജൈവവൈവിധ്യ ഉദ്യാനം സംരക്ഷണം. | • സസ്യങ്ങളുടെ നാമം തിരിക്കൽ<br>• പ്രകൃതി പഠനം – (പാഠം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം) | ജൂൺ - ജൂലൈ | അധ്യാപകർ | ഇല്ല. |
| പ്രകൃതി സംരക്ഷണം | • മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക.<br>• മഴക്കുഴി നിർമ്മാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിത കർമ സേനയ്ക്ക് നൽകാൻ | ആഗസ്റ്റ് - സെപ്തംബർ | അധ്യാപിക<br>• പി.ടി.എ<br>• വനിതാ സേന. | പി.ടി.എ |
| വ്യക്തി ശുചിത്വം | • നഖം മുറിക്കൽ – പരിശീലനം<br>• പോസ്റ്റർ നിർമ്മാണം<br>ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്തംബർ ഒക്ടോബർ | അധ്യാപിക-കുട്ടികൾ | ഇല്ല. |

| | | | | |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം. ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു. കുറിപ്പ് തയ്യാറാക്കൽ | ജൂൺ ജൂലൈ ആഗസ്ത് | | |
| ശാസ്ത്ര പരീക്ഷണത്തിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം. പരീക്ഷണം. വീട്ടിനകത്തും. ശാസ്ത്ര മാസികകൾ | | | |
| നിരീക്ഷണം - അറിവു നിർമ്മാണം. | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | എല്ലാമാസങ്ങളിലും | HM<br>CPTA | PTA |
| ശാസ്ത്രമേള<br>ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSG |
| ഭൂപടവായന.<br>കേരളം - ഇന്ത്യ - ഭൂപടവായന സൂചിക - പരിചയപ്പെടൽ | ഭൂപട വായന, ഭൂപട രചന, സൂചികാ നിർമ്മാണം. | നവംബറിൽ | SRG<br>ക്ലാസ് ടീച്ചർ | PTA |
| | | | | |

അക്കാദമിക മാസ്റ്റർ പ്ലാൻ. ക്ലാസ്: 3 . ഗണിതം    2025-2026.

ലക്ഷ്യം: 1

നിത്യജീവിതത്തിലെ വിവിധ ആവശ്യങ്ങൾ കളികൾ എന്നിവയിലൂടെ ഭാഗമായി ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു; തരംതിരിക്കുന്നു, നിർമ്മിക്കുന്നു. നിർമ്മാണങ്ങളിലും മറ്റും കാണുന്ന ജ്യാമിതിയുടെ ഭംഗി ആസ്വദിക്കുന്നു. രൂപങ്ങൾക്ക് നിറം നൽകി ഭംഗിയാർന്ന പാറ്റേണുകൾ നിർമ്മിക്കുന്നു. നിത്യജീവിതത്തിൽ നമ്മുടെ ചുറ്റുപാടും നിരീക്ഷിച്ച് വൈവിധ്യമാർന്ന പാറ്റേണുകൾ കണ്ടെത്തുന്നു. അവയുടെ സൗന്ദര്യം ആസ്വദിക്കുന്നു; യുക്തി സമർത്ഥിക്കുന്നു; പാറ്റേണുകൾ പറയുന്നു.

| Sl No | പ്രവർത്തനം. | കാലയളവ് |
|---|---|---|
| 1 | പ്രവേശനോത്സവം.<br>* വിവിധ ഗണിത രൂപങ്ങൾ കൊണ്ടുള്ള തോരണങ്ങളിലൂടെ നിർമ്മാണം. രൂപങ്ങൾ തിരിച്ചറിയൽ; പ്രത്യേകതകൾ മനസ്സിലാക്കൽ.<br>* ഗണിത രൂപങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ആശംസാ കാർഡ് നിർമ്മാണം<br>* തോണി നിർമ്മാണം; രൂപങ്ങൾ കണ്ടെത്തൽ<br>* ഗണിതരൂപങ്ങൾ ഉപയോഗിച്ച് വിവിധ ചിത്രങ്ങൾ തയ്യാറാക്കൽ<br>* ഗണിത രൂപ ചിത്ര പതിപ്പ് നിർമ്മാണം: ചിത്ര പാറ്റേണുകൾ | ജൂൺ |

| | | |
|---|---|---|
| | പരിചയപ്പെടൽ.<br>* ചിത്രപാറ്റേണുകൾ വാഗൺവീൽ തയ്യാറാക്കൽ<br>* വെജിറ്റബിൾ പ്രിന്റിങ് തയ്യാറാക്കൽ<br>* തീപ്പെട്ടിക്കമ്പ് ഉപയോഗിച്ചുകൊണ്ടുള്ള വിവിധ ഗണിതരൂപങ്ങ-ളുടെ നിർമ്മാണം. | ജൂൺ. |
| | ലക്ഷ്യം : 2.<br>മൂന്നാം ക്ലാസിലെ പിന്നിലുള്ള കുട്ടികൾക്കും 1 മുതൽ 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ ഉറപ്പിക്കുക. | |
| Sl.No | പ്രവർത്തനം | കാലയളവ് |
| 1. | നറുക്കെടുക്കാം : സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു. കിട്ടിയ സംഖ്യ വായിക്കുന്നു. മറ്റുള്ളവർ സംഖ്യ എഴുതുന്നു. | ജൂൺ. |
| 2. | കളം നിറയ്ക്കാം : 1 to 100 വരെയുള്ള കളം ബോർഡ് ഉപയോഗിച്ച് സംഖ്യകളെ സ്ഥാനങ്ങളിൽ നിരപ്പെടുത്തി സംഖ്യകളെ യഥാസ്ഥാനത്ത് ക്രമീകരിക്കുക | ജൂലൈ |
| 3. | ക്രമത്തിലാക്കാം : വ്യത്യസ്ത സംഖ്യകൾ നൽകുന്നു. ആരോഹണക്രമം, അവരോഹണക്രമം എഴുതുക. | ആഗസ്റ്റ് |
| 4 | പാറ്റേൺ പൂർത്തിയാക്കാം : വിവിധ സംഖ്യാ പാറ്റേണുകൾ പൂർത്തിയാക്കൽ | സെപ്തംബർ |

ലക്ഷ്യം : 3

മൂന്നാം ക്ലാസിലെ മിടുക്കൻ കുട്ടികൾക്കും മൂന്നക്ക/നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ.

| Sl No | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| 1 | * ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം.<br>* കളിനോട്ട് / ഗ്രിഡ് ഉപയോഗിച്ച് 1,10,100,1000,2000 എന്നീ കൂട്ടങ്ങളാക്കി മാറ്റാം. | ജൂൺ |
| 2. | സംഖ്യാ സൂര്യൻ<br>* ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം.<br>* ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. | 2 ആഴ്ച |
| 3. | അബാക്കസ് നിർമ്മാണം.<br>സംഖ്യകളെ അബാക്കസിൽ രേഖപ്പെടുത്താം.<br>- അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം. | ജൂൺ - സെപ്റ്റംബർ |

ലക്ഷ്യം : 4

മൂന്നാം ക്ലാസിലെ പിന്നോക്ക കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കൽ.

| Sl.No | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | സംഖ്യാചക്രം : സംഖ്യാചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു. അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം. | ജൂലൈ - മാർച്ച് |
| 2. | ഭാഗ്യവാനെ കണ്ടെത്താം :- അധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു. വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു. ക്രിയ ചെയ്യാം. ആരുടെ ഉത്തരം ആണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം. | ജൂലൈ - ഫെബ്രുവരി |
| 3. | ജോഡി കണ്ടെത്താം : വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾക്ക് സംഖ്യാ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു. കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കാം. | ഓഗസ്റ്റ് - ഫെബ്രുവരി |

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

ക്ലാസ് - IV

## ലക്ഷ്യം :

നാലാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും പരിസരപഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടേയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

## പൊതുലക്ഷ്യങ്ങൾ :

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം
- സർഗ്ഗാത്മകതക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

1. മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ | ലക്ഷ്യം നേടുന്നതു വരെ | SRG, ക്ലാസ്ടീച്ചർ | PTA ഫണ്ട് |
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ. | | | | |

| | | | | |
|---|---|---|---|---|
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ | വർഷം മുഴു-വൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം | | | | |
| വായനാകുറിപ്പ് ആസ്വാദന കുറിപ്പ് പുസ്തക സംവാദം | | | CPTA | |
| എഴുതാം തെളി-യാം. | എഴുത്ത് പരിപോ-ഷിപ്പിക്കൽ. | പ്രതിമാസം (വർഷം മുഴുവ-ൻ) | SRG, ക്ലാസ്ടീ-ച്ചർ | PTA |

| | | | | |
|---|---|---|---|---|
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകാശിപ്പിക്കൽ. | | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ. | ആവശ്യാനുസരണം. | ക്ലാസ് ടീച്ചർ | |
| കണ്ടറിയാം..... കേട്ടറിയാം...... | അറിവ്: ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | ആവശ്യാനുസരണം. | ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ, ശേഖരിക്കൽ, പ്രദർശിപ്പിക്കൽ | | | | |

| | | | | |
|---|---|---|---|---|
| രുചിച്ചറിയാം | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | വർഷത്തിലൊന്ന് | SRG, ക്ലാസ്ടീച്ചർ PTA | |
| ഭക്ഷ്യമേള, പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ. | | | | |
| ഓർക്കാം. ആദരിക്കാം സാഹിത്യകാരന്മാർ | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ്ടീച്ചർ CPTA | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | വർഷത്തിലൊന്ന് | HM, SRG, CPTA ക്ലാസ്ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജനന-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം, പ്രദർശനം. | | | | |
| പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് | | | | |

| | | | | |
|---|---|---|---|---|
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ/പ്രദർശനം (സർഗ്ഗാത്മക കലാവതരണം, കലാ-ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | | വർഷത്തിലൊരിക്കൽ. | SRG, CPTA ക്ലാസ്ടീച്ചർ, PTA | PTA |
| കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | | | HM | |

## വിരിയുന്ന ചിന്തകൾ

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി. | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| അസംബ്ലി ചേരൽ നിലനിന്നും കുട്ടികൾക്ക് | | | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് | ആഴ്ചയിൽ മൂന്ന് | ക്ലാസ് ടീച്ചർ | |
| | എഴുതാനുള്ള ശേഷി | ദിവസം (വർഷം മുഴുവൻ) | | |
| നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി രൂപത്തിൽ എഴുതൽ | | | | |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് തിയേറ്റർ | സർഗ്ഗാത്മകതാ പരിപോഷണം | മാസത്തിലൊന്ന് | ക്ലാസ്ടീച്ചർ | SMC |
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit Drama, Conversation, Storry telling) | | | | |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകതാ രചനശേഷി വികസനം | മൂന്ന് മാസത്തിലൊരിക്കൽ | HM, ക്ലാസ്ടീച്ചർ SMC | SMC |
| മൂന്ന് മാസം കഴിയുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | | മൂന്ന് മാസത്തിലൊരിക്കൽ. | | |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് കൈയെഴുത്ത് | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാമികവ് | മാസത്തിലൊന്ന് | ക്ലാസ്ടീച്ചർ | PTA |
| സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാടുകൾ നടത്തൽ. | | | | |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ്ടീച്ചർ | രക്ഷിതാക്കൾ. |
| കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ. വായനാക്കുറിപ്പ്. | | | | |

| | | | | |
|---|---|---|---|---|
| പുസ്തക പരിചയം | | | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ) | വർഷത്തിലൊന്ന് (അവധിക്കാലം) | SRG, SMC, ക്ലാസ് ടീച്ചർ | PTA ഫണ്ട്. |
| വായനാ മത്സരം രചനാമത്സരം മറ്റു സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | | | | |

| [illegible] | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഒറിഗാമിയിലൂടെ പഠിക്കാം | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ – കരചലനശേഷി വികാസം | ജൂൺ – ജൂലൈ | ക്ലാസ് ടീച്ചർ | PTA |
| ഒറിഗാമി രൂപങ്ങളുടെ നിർമാണം - പ്രദർശനം | | | | |
| ഗണിതലാബ് | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | PTA |
| സംഖ്യാബോധം (1–1000 സംഖ്യകൾ എഴുതുന്നു) | നറുക്കെടുപ്പ് | സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു | | |

| | | | | |
|---|---|---|---|---|
| 10 ചങ്ങാതിമാർ<br>- സംഖ്യ നമ്പർ<br>എടുക്കുന്നു.<br>- കിട്ടിയ നമ്പ<br>റിലെ സംഖ്യ വാ.<br>യിച്ചശേഷം തുട<br>ർന്നു വരുന്ന<br>10 സംഖ്യകൾ എ<br>ഴുതാനവസരം<br><br>കൂട്ടങ്ങളാക്കാം.<br>- ഇഷ്ടമുള്ള<br>മൂന്നക്ക സംഖ്യ<br>എടുക്കുന്നു.<br>ഗ്രിഡ് ഉപയോഗി. | സംഖ്യാബോധം | കിട്ടിയ സംഖ്യ വാ<br>യിക്കുന്നു<br>- ഉള്ളവർ<br>സംഖ്യ എഴുതുന്നു<br><br>ജൂലൈ -<br>സെപ്തംബർ | ക്ലാസ്ടീച്ചർ | |

| | | | | |
|---|---|---|---|---|
| 1,10,100,1000ന്റെ കൂട്ടങ്ങളുണ്ടാക്കുന്നു. | സംഖ്യാവ്യാഖ്യാനം | ജൂൺ - ഒക്ടോബർ | ക്ലാസ് ടീച്ചർ | |
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പിലാക്കൽ | ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| മൂല്യനിർണയം (കോണിയും പാമ്പും, ഡയസ് കളി, സങ്കലനം, വ്യവകലനം, കച്ചവടകളി) | | | | |
| ഗണിത പഠനോപകരണ നിർമ്മാണം | പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | | | |

| | | | | |
|---|---|---|---|---|
| പരിസരപഠനവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണ പ്രവർത്തനം | | | | |
| ശാസ്ത്രമേള | ശാസ്ത്രലോകത്തിലേക്കുള്ള പ്രവേശനം | വർഷത്തിലൊരിക്കൽ | SRG, ക്ലാസ് ടീച്ചർ | PTA |
| പ്രശ്നോത്തരി, പസിൽ, പാട്ടുകൾ, പഠന ഉല്പന്നങ്ങളുടെ പ്രദർശനം. | | | | |
| | | | | |

# പരിസര പഠനം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലക്കാർ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം - അറിവ് നിർമാണം | ആവശ്യാനുസരണം | HM CPTA | PTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | | | | |
| ശാസ്ത്രമേള | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA SSA |
| ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | | | | |

| | | | | |
|---|---|---|---|---|
| ശാസ്ത്രോത്സവം | ശാസ്ത്രപഠനത്തിൽ താല്പര്യം ജനിപ്പിക്കൽ – അന്വേഷണ ത്വര വളർത്തൽ | ആവശ്യാനുസരണം | HM, SRG, CPTA, ക്ലാസ്ടീച്ചർ | PTA രക്ഷിതാക്കൾ |
| വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | | | | |
| ഭൂപടമൊരുക്കൽ | ഭൂപട വായന, ഭൂപട രചന, സൂചിക പരിചയപ്പെടൽ, സൂചികാ നിർമ്മാണം, കളങ്ങൾ ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| കേരളം - ഇന്ത്യ ഭൂപട വായന | | | | |
| ശാസ്ത്ര വിസ്മയ ചുവര് | ശാസ്ത്ര പഠനം രസകരമാക്കൽ | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | | | | |
| ശാസ്ത്രോത്സവം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | വർഷത്തിലൊരിക്കൽ | HM, SRG ക്ലാസ് ടീച്ചർ | PTA |
| പഠന ഉത്പന്നങ്ങളുടെ പ്രദർശനം | | | | |

| | | | | |
|---|---|---|---|---|
| (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം) | | | | |
| ശാസ്ത്ര മാസിക | അറിവുകളുടെ രചന | വർഷത്തിലൊന്ന് | HM, SRG, ക്ലാസ് ടീച്ചർ | P.T.A |
| ശാസ്ത്രപഠനത്തിലൂടെ നേടിയ ശാസ്ത്രമാസികകളുടെ നിർമ്മാണം. | | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ അറബിക്) - 2025-26- ജി എൽ പി എസ് നൊട്ടപ്പുറം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു. | - അക്ഷരവായന<br>- ക്ലാസ് വായന<br>- ലൈബ്രറി വായന<br>- ചിത്ര വായന<br>- മാഗസിൻ വായന<br>- വീടുവായന<br>- കഥാ വായന<br>- വായനാമത്സരങ്ങൾ<br>- മോണിറ്ററിംഗ്<br>- വാക്യങ്ങൾ ഉറപ്പിക്കൽ<br>- വ്യാകരണങ്ങൾ<br>- ഇ-വായന | I- II<br>I- II<br>III- IV<br>I- IV<br>III- IV<br>I- IV<br>III- IV<br>II- III-IV<br>I- IV<br>III- IV<br>I- IV | ജൂൺ-ജൂലൈ<br>ജൂൺ-ഫെബ്രുവരി<br>നവംബർ-ഡിസംബർ<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA<br>SRG |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന്. | -ഇ-ടെക്സ്റ്റ് ഉപയോഗി ച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു.<br>- ലാംഗ്വേജ് ഗെയിംസ്<br>- റോൾ പ്ലേ<br>- ക്ലാസ് സംഭാഷണം<br>- കാർട്ടൂൺ<br>- പ്രദർശനം<br>- പദസമ്പത്ത് വർദ്ധിപ്പിക്കൽ<br>- ഡ്രാമറ്റൈസേഷൻ | I- IV<br>i- iV<br>I- IV<br>III- IV<br>I- IV | ജൂലൈ<br>-മാർച്ച്<br>ജൂലൈ<br>-മാർച്ച്<br>ആഗസ്റ്റ്-<br>ഫെബ്രുവരി | അധ്യാപകർ | അധ്യാപകർ<br>PTA |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | - അക്ഷരങ്ങൾ ഉറപ്പിക്കൽ<br>- പദങ്ങൾ ഉറപ്പിക്കൽ<br>- ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>- കുട്ടി എഴുത്ത്<br>- അക്ഷരക്കാർഡ് നിർമ്മാണം<br>- കൈയ്യെഴുത്ത് മാസിക<br>- ചുമർ പത്രിക നിർമ്മാണം<br>- ചാർട്ടെഴുത്ത്<br>- ചിത്രകഥ നിർമ്മിക്കൽ<br><br>Translation.<br>-Malayalam to Arabic<br>-Arabic to Malayalam<br>Arabic to English<br>-English to Arabic | III- IV<br>I- II<br>I- II<br>I- II<br>I- II<br>I- II<br>III- IV<br>III- IV<br>II- III-IV<br>II- III-IV<br>I- IV | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ഡിസംബർ<br>സപ്തംബർ - മാർച്ച്<br>ഒക്ടോബർ<br>ഫെബ്രുവരി<br>ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA |

Scanned with OKEN Scanner